# പള്ളികഥകൾ

## മിനികഥകൾ തൊണ്ണൂറ്റി ആറ്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ, ഒരിക്കൽ അദ്ദേഹത്തിന്റെ അമേരിക്കയിലെ ഒരു സ്വന്തം ഇടവകയിൽ നടന്ന സംഭവമാണ് ഇപ്പോൾ പറയാൻ പോകുന്നത്. സാധാരണ മിക്ക പള്ളികളിലും നടക്കുന്ന ഒരു കാര്യമാണിത്

# നിർദ്ധനൻ

"എന്റെ അച്ചാ, ഞാൻ എവിടെ നിന്നാണ് തുടങ്ങേണ്ടതെന്നറിയത്തില്ല. വളരെ നിർദ്ധന കുടുംബത്തിൽ ജനിച്ച ഒരാളാണ് ഞാൻ. മൂത്ത മകനാണ് ഞാൻ. പിന്നീട് തുടച്ച്യായി മൂന്ന് അനുജത്തി മാർ കൂടെ എന്റെ മാതാപിതാക്കൾക്ക് ജനിച്ചു. ഇനിയും പ്രസവിക്കാൻ വയ്യാ എന്നു പറഞ്ഞ് അമ്മ പ്രസവം നിർത്തി. എടീ പരിശുദ്ധമാതാവ് വസിക്കുന്ന ഭവനമായതുകൊണ്ടാണ് തുടച്ച്യായി പെൺമക്കളെ നമ്മൾക്ക് തരുന്നത്. അപ്പൻ അമ്മയെ സമാധാനിപ്പിച്ചു. കഷ്ടിച്ചു ചെലവു കഴിയാനുള്ള വരുമാനം പോലും ഇല്ലാത്ത വീട്. ഞാൻ കഷ്ടിച്ച് ഹൈസ്ക്കൂൾ പാസായ സമയം. ഇത് വളരെ അധികം വർഷങ്ങൾക്കു മുമ്പ് നടന്ന കാര്യങ്ങളാണ്. വീട്ടിൽ ആരേയും അറിയിക്കാതെ ഞാൻ യാത്ര ആയി; ബോംബെയിലേക്ക്. അവിടെ എന്റെ ഒരു പഴയ കാല സുഹൃത്തുണ്ടായിരുന്നു. അയാൾ കുടുംബമായി അവിടെ താമസിക്കുന്നിടത്തു കൂടി. വളരെ താമസിയാതെ അയാൾ ജോലി ചെയ്യുന്ന കമ്പിനിയിൽ തന്നെ ജോലിയുമായി; വളരെ തുഛമായ ശമ്പളത്തിൽ. ആ കിട്ടുന്ന പണം കൊണ്ട് തന്നെ താമസിക്കാൻ പറ്റത്തില്ലന്നറിയാമായിരുന്നതു കൊണ്ട് അവിടെ തന്നെ താമസവുമായി."

ജോണി തന്റെ കഥ തുടരുകയാണ്. സുഹൃത്തായ ശങ്കരൻ നായർ ഭാര്യയും രണ്ടു മക്കളും ഒരു സഹോദരിയുമായി വളരെ ചുരുങ്ങിയ താമസ സ്ഥലത്തു കഴിയുന്നതിന്റെ കൂടെയാണ് ഞാനും കഷ്ടിച്ച് കഴിഞ്ഞു കൂടുന്നത്. തങ്കമണി, ശങ്കരൻ നായരുടെ ഭാര്യ അവിടെ ആശുപത്രിയിൽ നേഴ്സായ് ജോലി ചെയ്യുന്നതുകൊണ്ട് അവക്കു കിട്ടിയ ക്വാർട്ടേഴ്സിലാണ് താമസം.

ബോംബെയിലെ തിരക്കേറിയ ജീവിതത്തിലെ ഇടുങ്ങിയ താമസ സൗകര്യങ്ങളിൽ മെച്ചപ്പെട്ടതായിരുന്നു ഞങ്ങളുടേത്. ശ്യാമള, ശങ്കരൻ നായരുടെ പെങ്ങളും ഞാനും അയാളും എല്ലാം ഒരേ കമ്പനിയിലായിരുന്നു ജോലിയെങ്കിലും, അയാൾ അവിടുത്തെ ഫോർമാൻ ആയിരുന്നു. ഏകദേശം ഒരു വർഷം കഴിഞ്ഞപ്പോൾ തങ്കമണിക്ക് അമേരിക്കയിൽ പോകാൻ സാധിച്ചു. പിന്നേയും ഏകദേശം ആറു മാസം കഴിഞ്ഞപ്പോൾ അയാളും മക്കളും കൂടെ പോയി. എന്തായാലും മറ്റാരും അറിയാതെ രഹസ്യമായി ആ ക്വാർട്ടേഴ്സിൽ ഞാനും ശ്യാമളയും ഒന്നിച്ച് താമസിച്ചു.

ശ്യാമള സുന്ദരിയായിരുന്നു. ഒറ്റ നോട്ടത്തിൽ അവളെ ആരും ഇഷ്ടപ്പെടും. നേരത്തെ അവൾക്ക് എന്നെ ഇഷ്ടപ്പെട്ടിരുന്നു. ഞാനും കാഴ്ചയിൽ വിരൂപനല്ലായിരുന്നു. പോരാത്തതിന് എന്റെ സംസാര ചാതുര്യം ആരേയും വശീകരിക്കുന്നതായിരുന്നു ശങ്കരൻ നായരുംമക്കളും പോകുന്നതുവരെ ഞങ്ങൾ മനസ്സിൽ അനുരാഗികളായിരുന്നെങ്കിലും പരസ്പരം ആയത് പറഞ്ഞിരുന്നില്ല.

ചുരുങ്ങിയ വരുമാനം ഉള്ള ഞങ്ങൾ പരസ്പരം സഹകരിച്ചതുകൊണ്ടും സൗജന്യമായി താമസ സൗകര്യമുണ്ടായിരുന്നതുകൊണ്ടും വലിയ കുഴപ്പം കൂടാതെ ജീവിതം മുൻപോട്ട് തള്ളി നീക്കി; പരസ്പര സഹകരണം എല്ലാ വിധത്തിലുമായപ്പോൾ. കടിച്ചാൽ പൊട്ടാത്ത പ്രായത്തിൽ വികാരങ്ങളെ എങ്ങിനെ കടിച്ചമർത്തികൊണ്ട് രണ്ട് ചെറുപ്പക്കാക്ക് ഒന്നിച്ച് ജീവിക്കാൻ പറ്റും. പരസ്പര സഹകരണം എല്ലാ വിധത്തിലുമായി. ജോലിയും കഴിഞ്ഞ് ക്ഷീണിച്ച് തളന്ന് വരുന്നവരാണെങ്കിലും ഉള്ളിലെ കാമ ശമനം രണ്ടു പേക്കും വളരെ ആശ്വാസമേകി. പരസ്പരം വിശ്വാസമായി.

രണ്ടു പേരും വിവാഹിതരാകാൻ തീരുമാനിച്ചു കഴിഞ്ഞപ്പോൾ വിവരം ശങ്കരൻ നായരെ അറിയിച്ചു. എന്നെ ഇത്രയുമധികം സ്നേഹിച്ച് സഹായിച്ച ശങ്കരൻ നായരെ ചതിക്കാൻ എനിക്കു സാധിക്കത്തില്ലായിരുന്നു. അയാൾക്ക് എതിർപ്പില്ലായെന്നു മാത്രമല്ല; വളരെ സന്തോഷവുമായിരുന്നു. നേരുകേട് ഞാൻ കാണിച്ചില്ലല്ലോ എന്നയാൾ തന്നെ പറഞ്ഞു. കൂടാതെ ആ കാലത്ത് ഒരു പെണ്ണിനെ കെട്ടിച്ചു വിടണമെങ്കിൽ ചിലവ് വളരെ ആയിരുന്നു. ആ ബാദ്ധ്യത അയാൾക്കായിരുന്നു.

മറ്റാരുമില്ലാതെ ഞങ്ങൾ രണ്ടു പേരും കൂടെ അവിടെയുള്ള രജിസ്ട്രേഡ് ഓഫീസിൽ പോയി വിവാഹിതരായി. എന്നാൽ ഞങ്ങൾക്ക് പ്രഥമരാത്രി ഇല്ലാതെ പോയി. ഞങ്ങൾ തന്നെ അറിയാതെ ഞങ്ങളുടെ പ്രഥമരാത്രി കടന്നു പോയി.

ബോംബെയിൽ വന്നു കഴിഞ്ഞപ്പോൾ വിവരം വീട്ടിൽ അറിയിച്ചു പിന്നീട് വിവരങ്ങൾ ഒന്നും അറിയിക്കാൻ സാധിച്ചില്ല. ആഗ്രഹമില്ലാഞ്ഞിട്ടല്ലായിരുന്നു. അവിടുത്തെ തിരക്കേറിയ ജീവിത സാഹചര്യത്തിൽ സാധിച്ചില്ല എന്നതായിരുന്നു സത്യം. നിർദ്ധനരായ അവക്ക് എന്തെങ്കിലും അയച്ചുകൊടുക്കണമെന്നുണ്ടായിരുന്നെങ്കിലും സാധിച്ചില്ല. മാസന്തോറും ശങ്കരൻ നായരുടെ കയ്യിൽ ഒരു ചെറിയ തുക കൊടുത്തു കഴിഞ്ഞ് ബാക്കി കൊണ്ട് ബോംബെ പട്ടണത്തിൽ വളരെ കഷ്ടപെട്ടേ കഴിയാൻ പറ്റുകയുള്ളൂ എന്ന് നാട്ടിൽ കഴിയുന്നവക്ക് മനസ്സിലാക്കാൻ സാധിക്കത്തില്ലല്ലോ.

എന്തോ ദൈവാധീനം കൊണ്ട്, തങ്കമണി ഏതാനം കുറഞ്ഞ സമയം കൊണ്ട് ശ്യാമളയ്ക്കും എനിക്കും അമേരിക്കയിൽ പോകാനുള്ള പേപ്പറുകളെല്ലാം ശരിയാക്കി. കൂടാതെ യാത്രാ ചിലവും. വലിയ ഒരുക്കങ്ങളൊന്നുമില്ലാതെ രണ്ടു പേരും അമേരിക്കയിൽ എത്തി. ബോംബെ വിടുന്നതിന് മുമ്പായി അവിടെയുള്ള ഓത്തഡോക്സ് പള്ളിയിൽ പോയി ശ്യാമളയെ ക്രിസ്ത്യാനിയാക്കി; ശ്യാമളയെന്ന പേരിൽ തന്നെ. ഈ വിവരം ശങ്കരൻ നായരേയോ മറ്റാരേയും അറിയിച്ചില്ല. അതു കൊണ്ട് കൂടുതൽ കുഴപ്പങ്ങൾ കൂടാതെ അമേരിക്കയിൽ എത്തിച്ചേരാൻ സാധിച്ചു.

മിടുക്കനായ ശങ്കരൻ നായർ അമേരിക്കയിലും ഒരു നല്ല കമ്പനിയിൽ ജോലി ആയതുകൊണ്ട് അവിടെ എനിക്ക് ജോലി കിട്ടി. ശ്യാമളയെ പഠിക്കാൻ വിട്ട് നേഴ്സാക്കി അവിടെ തങ്കമണി ജോലി ചെയ്യുന്ന ആശുപത്രിയിൽ തന്നെ ജോലിയുമാക്കി. എന്നാൽ ഞങ്ങൾ രണ്ടു പേരും ഈ പള്ളിയിലെ മെമ്പർഷിപ്പെടുത്ത് ഇവിടെ വരാൻ തുടങ്ങിയത് അവക്ക് രണ്ടു പേക്കും ഇഷ്ടമായില്ല. അങ്ങിനെ ഞങ്ങൾ എപ്പാട്ടുമെന്റെടുത്ത് സ്വയം താമസിക്കാൻ തുടങ്ങി.

അമേരിക്കയിലാണെന്നു പറഞ്ഞാലും രണ്ടു പേക്കും കിട്ടുന്ന തുഛമായ ശമ്പളം കൊണ്ട്, അമേരിക്കയിൽ വന്ന ശേഷമുണ്ടായ രണ്ടു കുഞ്ഞുങ്ങളുമായുള്ള ജീവിതം കഷ്ടമാണ്. അമേരിക്കയിൽ വന്നിട്ട് ഇത്രയും വർഷങ്ങളായിട്ടും നിർദ്ധനരായ മാതാപിതാക്കൾക്ക് ഒരു ധന സഹായം ചെയ്യാൻ ഇതുവരെ സാധിച്ചിട്ടില്ല. അപ്പോൾ എല്ലാ ആഴ്ചയിലും പള്ളിയിൽ വരുമ്പോൾ ഓരോ പിരിവു കൊടുക്കാൻ പറഞ്ഞാൽ; എന്തു ചെയ്യും!" ജോണി സ്വന്തം കഥ പറഞ്ഞു നിർത്തി.